# ഭോപ്പാൽ ആവർത്തിക്കാതിരിക്കാൻ നിരന്തരപോരാട്ടം വേണം

സ്വന്തം പ്രതിനിധി

**ഭോപ്പാൽ:** ഭോപ്പാൽ പോലുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കെതിരെ നിരന്തരമായി പോരാടാൻ ദുരന്തബാധിതരുടെ വിവിധ സംഘടനകളുടെ കൂട്ടായ്മയായ 'ജനസംഘർഷ മോർച്ച' ആഹ്വാനം ചെയ്തു. രാജ്യത്ത് തുടർച്ചയായി അധികാരത്തിൽ വന്ന സർക്കാറുകൾ സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്ത വികസന മാതൃക ജനങ്ങൾക്ക് വേണ്ടിയായിരുന്നില്ലെന്നും ജനങ്ങളുടെ ചെലവിൽ രാജ്യത്ത് 'കമ്പനി രാജ്' നടപ്പാക്കുകയായിരുന്നുവെന്നും ദുരന്തത്തിന്റെ 25-ാം വാർഷികത്തിന്റെ ഭാഗമായി ഭോപ്പാലിൽ നടന്ന സെമിനാർ അഭിപ്രായപ്പെട്ടു.




'ഭോപ്പാൽ പ്രമേയം' എന്ന പേരിലുള്ള പ്രമേയവും സെമിനാർ പാസ്സാക്കി. യൂണിയൻ കാർബൈഡ് കമ്പനിയും സർക്കാറും തമ്മിലുണ്ടായിരുന്ന അവിശുദ്ധ കൂട്ടുകെട്ടാണ് ഭോപ്പാൽദുരന്തത്തിന് വഴിവെച്ചതെന്ന് പ്രമേയം ആരോപിച്ചു. 'കോർപ്പറേറ്റ് കോളനിവത്കരണ'ത്തിനും 'കമ്പനിരാജി'നുമെതിരെ പ്രക്ഷോഭം തുടങ്ങണമെന്നും അവർ പ്രമേയത്തിൽ പറഞ്ഞു.

ദുരന്തം നടന്ന് 25 ആണ്ട് പിന്നിടുമ്പോഴും യൂണിയൻ കാർബൈഡിന്റെ പരിസരത്തെ മണ്ണും വെള്ളവും മലിനമായി തുടരുന്നതിനു കാരണം രാസമാലിന്യമല്ലെന്നാണ് സംസ്ഥാന സർക്കാർ നിലപാട്. കമ്പനിക്കടുത്തുള്ള എണ്ണ ഡിപ്പോയാണ് മലിനീകരണ കാരണം എന്നാണ് സർക്കാർ പറയുന്നത്.

അക്കാദമിക് വിദഗ്ധൻ അനിൽ സദ്ഗോപാൽ ഭോപ്പാൽ ദുരന്തത്തെപ്പറ്റി എഴുതിയ 'ഡോളർ കി ഛൽ നെ, സഹർ ഘോല ഭോപ്പാൽ മേ' എന്ന പുസ്തകം സെമിനാറിൽ പ്രകാശനംചെയ്തു.

ദുരന്തബാധിതരല്ലാതെ ഭോപ്പാലിനെ ആരും ഇത്തവണ കാര്യമായി ഓർമിച്ചില്ല. 1990ൽ നിർമിച്ച ദുരന്തസ്മാരകം സന്ദർശിക്കാനെത്തുന്ന വിനോദസഞ്ചാരികളായി മാറുന്നു എല്ലാവരും. ഇന്ത്യയിലെ 'ഗ്യാസ് ടൂറിസം' കേന്ദ്രമായി മാറിയിരിക്കുന്നു ഇവിടം ഇന്ന്. അർഹമായ നീതി കിട്ടാതെ ദുരിതബാധിതർ ഇപ്പോഴും ഇവിടെ വേദനതിന്നുകഴിയുന്നു.



**ആളിക്കത്തുന്ന പ്രതിഷേധം:** വാതകദുരന്തത്തിന്റെ 25-ാം വാർഷികദിനത്തിൽ യൂണിയൻ കാർബൈഡ് ഫാക്ടറിക്കുമുമ്പിൽ കമ്പനിക്കെതിരെ ജനസംഘർഷമോർച്ചയുടെ നേതൃത്വത്തിൽ നടന്ന പന്തംകൊളുത്തി പ്രകടനം